19-02-2023

SUNDAY ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor : PADMAM S. Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-19/02/2023.

1. കാർഷിക സംരംഭകർക്ക് വഴികാട്ടിയാകുക എന്ന ലക്ഷ്യത്തിൽ വൈഗ 2023 ന്റെ ഭാഗമായി കൃഷിവകുപ്പ് സംഘടിപ്പിക്കുന്ന ഡി.പി.ആർ ക്ലിനക്ക് തിരുവനന്തപുരം വെൺപാലവട്ടത്തുള്ള സമേതിയിൽ നടന്നുവരുന്നു. കാർഷിക മേഖലയിലെ സംരംഭകത്വ വികസനത്തിന് മുതൽക്കൂട്ടാകുകയാണ് വൈഗ 2023 ഡി പി ആർ ക്ലിനിക് വഴി ലക്ഷ്യമിടുന്നതെന്നും, തുടർന്നും രണ്ട് മാസ ഇടവേളകളിൽ ക്ലിനിക്ക് സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നും മന്ത്രി പറഞ്ഞു. മൂല്യ വർദ്ധിത കാർഷിക ഉത്പന്നങ്ങൾ കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ ഉടൻ ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ "കേരൾ ആഗ്രോ" ബ്രാൻഡിൽ എത്തിക്കുമെന്ന് കൃഷി മന്ത്രി പി പ്രസാദ് പറഞ്ഞു. ക്ലിനിക്കിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഓരോ സംരംഭകർക്കും അവരവരുടെ സംരംഭങ്ങൾ ആരംഭിക്കുന്നതിനും വിജയകരമാക്കുന്നതിനും ആവശ്യമായ ഒരു വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി പി ആർ) നൽകുന്നതിനോടൊപ്പം, സർക്കാർ പദ്ധതികളിൽ നിന്നുള്ള ആനുകൂല്യം നേടാനും അവസരം ലഭിക്കും. വിവിധ സംരംഭകരും, ഈ മേഖലയിലെ ശാസ്ത്രജ്ഞരും സാമ്പത്തിക വിദഗ്ധരും, സാങ്കേതിക വിദഗ്ധരും ക്ലിനിക്കിൽ പങ്കെടുക്കുന്നുണ്ട്. 4 ദിവസത്തെ ക്ലിനിക്കിലൂടെ 50 സംരംഭകരുടെ ആശയങ്ങളെ വിശകലനം ചെയ്ത് അവരുടെ സംരംഭങ്ങൾക്ക് വഴികാട്ടിയാകുന്ന വിശദമായ പദ്ധതി രേഖ (ഡി പി ആർ) തയ്യാറാക്കും. അവരവരുടെ സംരംഭങ്ങൾക്ക് ഉതകുന്ന ഡി പി ആർ വൈഗയുടെ വേദിയിൽ വച്ച് വിതരണം ചെയ്യും.

2. കേരള കാർഷിക സർവകലാശാലയുടെ മണ്ണുത്തിയിൽ ഉള്ള തൃശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ പട്ടികജാതി വിഭാഗത്തിൽ പെട്ടവർക്ക് വേണ്ടി 'ഭക്ഷ്യ സംസ്കരണം' എന്ന വിഷയത്തിൽ സൗജന്യ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ ഫെബ്രുവരി 28 നകം 9400483754 ഫോൺ നമ്പറിൽ പ്രവർത്തി ദിവസങ്ങളിൽ പത്തുമണി മുതൽ നാലുമണിവരെ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

3. കാർഷിക അനുബന്ധ മേഖലകളിലെ നൂതന ആശയങ്ങൾ, മികച്ച കാർഷിക രീതികൾ തുടങ്ങിയവ ഉൾക്കൊള്ളുന്ന മികച്ച കാർഷിക സിനിമകൾ, ഡോക്യുമെന്ററികൾ, ആനിമേറ്റഡ് വീഡിയോകൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര കാർഷിക മന്ത്രാലയത്തിന് കീഴിലുള്ള (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട്

ഓഫ് അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ മാനേജ്മെന്റ് -മാനേജ് ഹൈദരാബാദ്) കാർഷിക ഫിലിം ഫെസ്റ്റിവൽ മത്സരം 2023 മാർച്ച് 10 ന് സംഘടിപ്പിക്കുന്നു. മത്സരത്തിൽ പങ്കെടുക്കുന്ന എല്ലാവർക്കും ക്യാഷ് അവാർഡുകളും പങ്കാളിത്ത സർട്ടിഫിക്കറ്റുകളും നൽകും. ദേശീയതല അവാർഡുകൾക്ക് 1, 2, 3 സ്ഥാനങ്ങൾക്ക് ഒരു ലക്ഷം, 75000/-, 50,000/- രൂപ സമ്മാനമായി നൽകും. ഓരോ സംസ്ഥാന ക്യാഷ് പ്രൈസിനും അവാർഡിന് അർഹമായ ഇൻസ്റ്റിറ്റ്യൂട്ടുകൾക്കും 10,000/- രൂപയും നൽകും. സർക്കാർ സ്ഥാപനങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, എൻജിഒകൾ, മാധ്യമ സ്ഥാപനങ്ങൾ, അഗ്രി സ്റ്റാർട്ടപ്പുകൾ, അഗ്രി സംരംഭകർ, എഫ്.പി.ഒകൾ, സഹകരണ സ്ഥാപനങ്ങൾ, അഗ്രി ബിസിനസ് കമ്പനികൾ, അഗ്രി ജേർണലിസ്റ്റുകൾ, വ്യക്തിഗത പ്രൊഫഷണലുകൾ എന്നിവർക്ക് ഫെസ്റ്റിവലിൽ പങ്കെടുക്കാം. എൻട്രികൾ ലഭിക്കേണ്ട അവസാന തീയതി ഫെബ്രുവരി 20. കൂടുതൽ വിവരങ്ങൾക്കും എൻട്രികൾ സമർപ്പിക്കുന്നതിനായും www.manage.gov.in/maff/ എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**പരിശീലന പരിപാടി**

4. മലമ്പുഴ സർക്കാർ സംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 25ന് (25.02.2023) രാവിലെ 10 മണി മുതൽ 4 മണി വരെ "തീറ്റപ്പുൽ കൃഷി" എന്ന വിഷയത്തിൽ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 9188522713, 0491-2815454 എന്ന നമ്പറിൽ വിളിച്ച് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ കോപ്പി കൊണ്ടുവരേണ്ടതാണ്

5. റബ്ബറിന്റെയും റബ്ബറുത്പന്നങ്ങളുടെയും ഗുണമേന്മാനിയന്ത്രണം, റബ്ബറുത്പന്നങ്ങളുടെ വിശകലനം, റിവേഴ്സ് എഞ്ചിനീയറിങ് എന്നിവയിൽ റബ്ബർബോർഡ് പ്രത്യേക പരിശീലനം നൽകുന്നു. അസംസ്കൃതവസ്തുക്കളുടെ പരിശോധന, ഉത്പന്നങ്ങളുടെ വിശകലനം തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പരിശീലനം ഫെബ്രുവരി 20 മുതൽ 24 വരെ കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ൽ വച്ച് നടക്കും. റബ്ബർവ്യവസായം, ആർ.&ഡി. സ്ഥാപനങ്ങൾ തുടങ്ങിയ മേഖലകളിൽനിന്നുള്ളവർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് 04812353127 എന്ന ഫോൺ നമ്പരിലോ 04812353201 എന്ന വാട്സ്ആപ്പ് നമ്പരിലോ training@ rubberboard.org.in എന്ന ഇമെയിലിലോ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

## കാർഷിക നിർദ്ദേശങ്ങൾ

6. അന്തരീക്ഷത്തിലെ ചൂട് കൂടി വരുന്നതിനാൽ കന്നുകാലികൾക്ക് ധാരാളം തണുത്ത വെള്ളം കൊടുക്കുക. അതിരാവിലെയും വൈകിട്ടും പുല്ല്, വൈക്കോൽ മുതലായ പരുഷാഹാരങ്ങൾ നൽകുക. നേരിട്ട് സൂര്യാഘാതം ഏൽക്കാത്ത രീതിയിൽ മാറ്റിക്കെട്ടുക.

കോഴിക്കൂടുകൾ പൂർണമായും ഇരുമ്പിന്റെ വല കൊണ്ട് നിർമ്മിച്ചതാണെങ്കിൽ വശങ്ങളിൽ തണൽ നൽകാൻ ശ്രദ്ധിക്കുക. കൂടിനുള്ളിൽ കുടിക്കാൻ ധാരളം വെള്ളം വച്ച് കൊടുക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം